ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 12.03.2025 | പ്രധാന വാർത്തകൾ | TIME : 07.25 PM

1.) രാജ്യത്തിൻറെ സമഗ്ര വികസനത്തിനായി സമൂഹത്തിലെ പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിന് ഊന്നൽ നൽകണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.

President Draupadi Murmu has said that emphasis should be placed on the upliftment of the backward sections of the society for the overall development of the country.

2.) ഇന്ത്യയും മൗറീഷ്യസും തമ്മിലുള്ള സഹകരണം മെച്ചപ്പെടുത്തി തന്ത്രപരമായ പങ്കാളിത്തത്തിലേക്ക് ഉയർത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

Prime Minister Narendra Modi has said that cooperation between India and Mauritius will be enhanced and elevated to a strategic partnership.

3.) എണ്ണപ്പാടങ്ങളുടെ നിയന്ത്രണ -വികസന ഭേദഗതി ബിൽ ലോക്സഭയിൽ അവതരിപ്പിച്ചു.

The Oil Fields Regulation and Development Amendment Bill has been introduced in the Lok Sabha.

4.) ദുരന്തസാഹചര്യങ്ങളിൽ ഉൾപ്പെടെ അയൽ രാജ്യങ്ങൾക്ക്, സഹായം നൽകുന്നതിൽ ഇന്ത്യ മുൻപന്തിയിലാണെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള.

Lok Sabha Speaker Om Birla has said that India is at the forefront in providing assistance to neighboring countries, including in disaster situations.

5.) പ്രസിദ്ധമായ ആറ്റുകാൽ പൊങ്കാല നാളെ; ഒരുക്കങ്ങൾ പൂർത്തിയായി.

The famous Attukal Pongala is tomorrow; preparations are complete.

6.) ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - ഹൈദരാബാദ് എഫ്.സി പോരാട്ടം.

Kerala Blasters - Hyderabad FC clash in ISL football today.

$$$$$$$$$$$$$$$$$$$$$$$$

## DAY PREZ– PUNJAB VISIT

രാജ്യത്തിന്റെ സമഗ്രവും സുസ്ഥിരവുമായ വികസനത്തിനായി സമൂഹത്തിലെ പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിന് ഊന്നൽ നൽകണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ചണ്ഡീഗഡിൽ, പഞ്ചാബ് സർവകലാശാലയുടെ 72 -ാമത് ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. രാജ്യത്തിന്റെ വികസനം പൂർണതയിൽ എത്തണമെങ്കിൽ സമൂഹത്തിന്റെ എല്ലാ ശ്രേണിയിലുമുള്ള ജനങ്ങളുടെ ഉന്നമനം ഉറപ്പാക്കണം. ഇതിനായി യുവജനങ്ങൾ മുന്നിട്ടിറങ്ങണമെന്നും രാഷ്ട്രപതി ആഹ്വാനം ചെയ്തു. ഭാവിയിലെ വെല്ലുവിളികളെ നേരിടാൻ വിദ്യാർത്ഥികൾ ക്രിയാത്മക മനോഭാവം നിലനിർത്തുകയും ഉയർന്നുവരുന്ന സാങ്കേതികവിദ്യകളെക്കുറിച്ച് പരിചയപ്പെടുകയും ചെയ്യണമെന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു.

$$$$$$$$$$$$$$$$$$$$$$$$

## PM –MAURITIUS (intro)–

ഇന്ത്യയും മൗറീഷ്യസും തമ്മിലുള്ള സഹകരണം മെച്ചപ്പെടുത്തി തന്ത്രപരമായ പങ്കാളിത്തത്തിന്റെ തലത്തിലേക്ക് ഉയർത്താൻ തീരുമാനിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ വിവിധ വശങ്ങൾ മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര റാംഗുലമുമായി ചർച്ച ചെയ്തെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. അടിസ്ഥാന സൗകര്യങ്ങൾ, ഭവന നിർമ്മാണം, ഡിജിറ്റൽ സാങ്കേതികവിദ്യ, ആരോഗ്യം തുടങ്ങിയ മേഖലകളിൽ സഹകരിക്കാനുള്ള വഴികളെക്കുറിച്ചും കൂടിക്കാഴ്ചയിൽ ഇരുനേതാക്കളും ചർച്ച ചെയ്തു. അതേസമയം ഇന്ന് നടന്ന മൗറീഷ്യസിന്റെ ദേശീയ ദിനാഘോഷങ്ങളിൽ ശ്രീ മോദി മുഖ്യാതിഥിയായി പങ്കെടുത്തു. ചടങ്ങിൽ മൗറീഷ്യസിന്റെ പരമോന്നത സിവിലിയൻ ബഹുമതി പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് മൗറീഷ്യസ് പ്രസിഡന്റ് ധരംബീർ ഗോഖൂൽ സമ്മാനിച്ചു. മൗറീഷ്യസിന്റെ പരമോന്നത പുരസ്കാരം ലഭിക്കുന്ന ആദ്യ ഇന്ത്യക്കാരനാണ് നരേന്ദ്രമോദി. ഈ അവാർഡ് ഇന്ത്യയിലെ 140 കോടി ജനങ്ങൾക്കും

ഇരു രാജ്യങ്ങളും തമ്മിലുള്ള നൂറ്റാണ്ടുകൾ പഴക്കമുള്ള സൗഹൃദത്തിനും സമർപ്പിക്കുന്നതായി അദ്ദേഹം പറഞ്ഞു.
(ഹോൾഡ്)
രണ്ട് ദിവസത്തെ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിലേക്ക് തിരിച്ചു. സന്ദർശനവേളയിൽ മൗറീഷ്യസുമായി എട്ട് ധാരണാപത്രങ്ങളിലും അദ്ദേഹം ഒപ്പുവച്ചു.

$$$$$$$$$$$$$$$$$$$$$$$$$

## DEFENCE MINISTRY ACQUISITION

ഡിആർഡിഒ തദ്ദേശീയമായി വികസിപ്പിച്ച ലോ-ലെവൽ ട്രാൻസ്പോർട്ടബിൾ റഡാർ, അശ്വിനി വാങ്ങുന്നതിനായി പ്രതിരോധ മന്ത്രാലയം ഗാസിയാബാദിലെ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡുമായി 2,906 കോടി രൂപയുടെ കരാറിൽ ഒപ്പുവച്ചു. ഇന്ത്യയുടെ വ്യോമ നിരീക്ഷണ ശേഷി വർദ്ധിപ്പിക്കുന്നതിനായി നിർമ്മിച്ച ഈ റഡാർ രാജ്യത്തിന്റെ പ്രതിരോധ സാങ്കേതികവിദ്യയിലെ സ്വയംപര്യാപ്തതയിലേക്കുള്ള മറ്റൊരു ചുവടുവയ്പ്പായി മാറി. ന്യൂഡൽഹിയിൽ പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിങ്ങിന്റെ സാന്നിധ്യത്തിലാണ് കരാർ ഒപ്പിട്ടത്. അതിവേഗ യുദ്ധവിമാനങ്ങൾ മുതൽ ആളില്ലാ ആകാശ വാഹനങ്ങൾ വരെ ട്രാക്ക് ചെയ്യാൻ റഡാറിന് കഴിയും.

$$$$$$$$$$$$$$$$$$$$$$$$$

## IIP– JANUARY

വ്യാവസായിക ഉൽപ്പാദന സൂചിക പ്രകാരം ഇന്ത്യയുടെ വ്യാവസായിക ഉൽപ്പാദന വളർച്ച ജനുവരി മാസം 5 ശതമാനമായി ഉയർന്നു. ഡിസംബറിൽ ഇത് 3.2 ശതമാനമായിരുന്നു. സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെൻറേഷൻ മന്ത്രാലയം പുറത്തിറക്കിയ വിവരമാണിത്. ജനുവരിയിലെ കണക്കനുസരിച്ച് ഐഐപിയുടെ മൂന്ന് പ്രധാന ഘടകങ്ങളിൽ, ഉൽപ്പാദനം 5.5 ശതമാനവും, ഖനന പ്രവർത്തനങ്ങൾ 4.4 ശതമാനവും, വൈദ്യുതി ഉൽപ്പാദനം 2.4 ശതമാനവും വളർന്നു.

$$$$$$$$$$$$$$$$$$$$$$$$$

## OM BIRLA–MADAGASCAR DELEGATION

ദുരന്തസാഹചര്യങ്ങളിൽ ഉൾപ്പെടെ അയൽ രാജ്യങ്ങൾക്ക്, സഹായം നൽകുന്നതിൽ ഇന്ത്യ എപ്പോഴും മുൻപന്തിയിലാണെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. മഡഗാസ്കറിന്റെ ദേശീയ അസംബ്ലി പ്രസിഡന്റ് ജസ്റ്റിൻ ടോക്ക്ലി-യുടെ നേതൃത്വത്തിൽ മഡഗാസ്കറിൽ

നിന്നുള്ള പാർലമെന്ററി പ്രതിനിധി സംഘവുമായി ന്യൂഡൽഹിയിൽ നടത്തിയ ഉഭയകക്ഷി കൂടിക്കാഴ്ചയിലാണ് ശ്രീ ബിർള ഇത് വ്യക്തമാക്കിയത്. വ്യാപാരം, സംസ്കാരം, ജനങ്ങൾ തമ്മിലുള്ള ബന്ധം എന്നിവയിൽ ഇന്ത്യയും മഡഗാസ്കറും ആഴത്തിലുള്ള ബന്ധം പങ്കിടുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$

## RS-RAILWAYS

ഇന്ത്യൻ റെയ്ൽവേയെ ലോകനിലവാരത്തിലുള്ള ശൃംഖലയാക്കി മാറ്റുന്നതിനുള്ള സർക്കാരിന്റെ പ്രതിജ്ഞാബദ്ധതയാണ് റെക്കോർഡ് ബജറ്റ് വിഹിതം ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ വ്യ ക്തമായാക്കിയതെന്ന് ബിജെപി MP സമിക് ഭട്ടാചാര്യ. റെയിൽവേയുടെ പ്രവർത്തനത്തെക്കുറിച്ചുള്ള ചർച്ചയ്ക്ക് രാജ്യസഭയിൽ തുടക്കം കുറിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ദശലക്ഷക്കണക്കിന് യാത്രക്കാർക്ക് വേഗതയുടെയും കാര്യക്ഷമതയുടെയും ആശ്വാസത്തിൻ്റെയും പുതിയ യുഗത്തെ അടയാളപ്പെടുത്തുന്നതാണ് വന്ദേ ഭാരത് ട്രെയിനുകളും അമൃത് ഭാരത് ട്രെയിനുകളും എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

$$$$$$$$$$$$$$$$$$$$$$$$

## WAVES

2025 മെയ് 1 മുതൽ മുംബൈയിൽ നടക്കുന്ന ലോക ദൃശ്യ ശ്രവ്യ, വിനോദ ഉച്ചകോടിയായ WAVES ന് മുന്നോടിയായി ആഗോള സമൂഹത്തിൽ കേന്ദ്ര സർക്കാർ പ്രചാരണം നടത്തും. ആഗോള മാധ്യമ സംഭാഷണ പരിപാടിയിൽ വിപുലമായ പങ്കാളിത്തം ലക്ഷ്യമിട്ടാണ് പ്രചാരണം സംഘടിപ്പിക്കുന്നത്. മാധ്യമ, വിനോദ മേഖലയുടെ സമന്വയത്തിന് വഴിയൊരുക്കുന്ന ആഗോള വേദി എന്ന നിലയിലുള്ള WAVES ന്റെ നേട്ടങ്ങൾ നാളെ ന്യൂഡൽഹിയിൽ നടക്കുന്ന പരിപാടിയിൽ വിശദമാക്കും. കേന്ദ്ര മന്ത്രിമാരായ ഡോ. എസ്. ജയ് ശങ്കർ, അശ്വിനി വൈഷ്ണവ്, കേന്ദ്ര സഹമന്ത്രി ഡോ. എൽ. മുരുകൻ തുടങ്ങിയവർ 100 ലധികം അംബാസഡർമാരെയും ഹൈക്കമ്മീഷണർമാരെയും വിവരങ്ങൾ ധരിപ്പിക്കും.

$$$$$$$$$$$$$$$$$$$$$$$$

## LS-OILFIELD BILL (INTRO)

2024 ലെ, എണ്ണപ്പാടങ്ങളുടെ നിയന്ത്രണ-വികസന ഭേദഗതി ബിൽ കേന്ദ്ര മന്ത്രി ഹർദീപ് സിംഗ് പുരി ലോക്സഭയിൽ അവതരിപ്പിച്ചു.

ഇന്ത്യയുടെ ഹൈഡ്രോകാർബൺ വിഭവ ശേഷി വളരെ വലുതാണെന്നും രാജ്യം പ്രതിദിനം 5.5 ദശലക്ഷം ബാരൽ അസംസ്കൃത എണ്ണ ഉപയോഗിക്കുന്നുണ്ടെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി. വികസിത രാഷ്ട്രമാകാൻ ഒരു രാജ്യത്തിന് വലിയ അളവിൽ ഊർജ്ജം ആവശ്യമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. **(ഹോൾഡ് വോയ്സ്)**

$$$$$$$$$$$$$$$$$$$$$$$$

## NIYAMASABHA

2025-26 കാലയളവിലേക്കുള്ള ധനാഭ്യർത്ഥനകൾ കേരള നിയമസഭ ചർച്ച ചെയ്ത് പാസ്സാക്കി. കൃഷി, സഹകരണം, വനം, വ്യവസായം, തുറമുഖം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥകളാണ് സഭ ഇന്ന് പാസ്സാക്കിയത്. മന്ത്രിമാരായ സജി ചെറിയാൻ, പി.രാജീവ്, എ.കെ ശശീന്ദ്രൻ, വി.എൻ വാസവൻ എന്നിവർ ചർച്ചയ്ക്ക് മറുപടി നൽകി. നടപടികൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞ സഭ ഇനി ഈ മാസം 17 ന് വീണ്ടും സമ്മേളിക്കും.

$$$$$$$$$$$$$$$$$$$$$$$$

## ATTUKAL PONKALA

പ്രസിദ്ധമായ ആറ്റുകാൽ പൊങ്കാല നാളെ. പൊങ്കാലയ്ക്കായുള്ള ഒരുക്കങ്ങൾ പൂർത്തിയായി. ആറ്റുകാലമ്മയ്ക്ക് പൊങ്കാല സമർപ്പിക്കാനുള്ള തയ്യാറെടുപ്പിലാണ് ഭക്ത ലക്ഷങ്ങൾ. വിപുലമായ സൗകര്യങ്ങളാണ് തിരുവനന്തപുരം നഗരത്തിൽ അധികൃതർ ഒരുക്കിയിരിക്കുന്നത്. കനത്ത സുരക്ഷയ്ക്കൊപ്പം ശുചീകരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ അധികൃതർ കൂടുതൽ ശ്രദ്ധ നൽകിയിട്ടുണ്ട്. പൊങ്കാലയോടനുബന്ധിച്ച് 700 ഓളം കെ എസ് ആർ ടി സി ബസുകളാകും സർവീസ് നടത്തുക. പ്രത്യേക ട്രെയിൻ സർവീസും ഏർപ്പെടുത്തിയിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$$

## REV EVE BADMINTON

ഇന്ത്യൻ മിക്സഡ് ഡബിൾസ് ജോഡിയായ രോഹൻ കപൂറും റുത്വിക ഗാഡ്ഡെയും ബർമിംഗ്ഹാമിൽ നടക്കുന്ന ഓൾ ഇംഗ്ലണ്ട് ഓപ്പൺ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിന്റെ പ്രീ-ക്വാർട്ടർ ഫൈനലിൽ കടന്നു. ഇന്ന് വൈകുന്നേരം നടന്ന ആദ്യ റൗണ്ടിൽ ഇന്ത്യൻ ജോഡി ചൈനീസ് തായ്പേയ് സഖ്യത്തെയാണ് പരാജയപ്പെടുത്തിയത്.

വനിതാ സിംഗിൾസിൽ ഇന്ത്യയുടെ പി.വി. സിന്ധു ഇന്ന് ആദ്യ റൗണ്ടിൽ ദക്ഷിണ കൊറിയയുടെ കിം ഗാ-യൂണിനെ നേരിടും.

$$$$$$$$$$$$$$$$$$$$$$$

## I S L

ഐ.എസ്.എൽ ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് - ഹൈദരാബാദ് എഫ്.സി മത്സരം ആരംഭിച്ചു. തെലങ്കാനയിലെ ജി.എം.സി ബാലയോഗി സ്റ്റേഡിയത്തിലാണ് മത്സരം.

$$$$$$$$$$$$$$$$$$$$$$$

## UKRAINE-US RUSSIA TALKS

30 ദിവസത്തെ വെടിനിർത്തലിനുള്ള യുഎസ് നിർദ്ദേശത്തെ പിന്തുണച്ച് യുക്രെയ്ൻ. റഷ്യയുമായി ഉടനടി ചർച്ചകൾക്ക് തയ്യാറാണെന്നും ഇന്നലെ സൗദി അറേബ്യയിലെ ജിദ്ദയിൽ നടന്ന ചർച്ചകൾക്ക് ശേഷം യുക്രെയ്ൻ അറിയിച്ചു. ജിദ്ദയിൽ യുക്രേനിയൻ ഉദ്യോഗസ്ഥരുമായി എട്ട് മണിക്കൂറിലേറെ നീണ്ട ചർച്ചകൾക്ക് ശേഷം എടുത്ത ഈ നിർദേശം റഷ്യയുമായി പങ്ക് വെക്കുമെന്ന് യുഎ സ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ അറിയിച്ചു. കൂടാതെ, യുക്രെയ്നുമായി സൈനിക സഹായവും രഹസ്യാന്വേഷണ വിവരങ്ങൾ പങ്കുവയ്ക്കലും പുനരാരംഭിക്കാനും അമേരിക്ക സമ്മതിച്ചു.

$$$$$$$$$$$$$$$$$$$$$$$

## RS-MILK PRODUCTION

കഴിഞ്ഞ 10 വർഷത്തിനുള്ളിൽ രാജ്യത്തിൻ്റെ പാൽ ഉൽപ്പാദനം 63.5 ശതമാനം വർദ്ധിച്ച് 239 ദശലക്ഷം ടണ്ണിൽ എത്തിയതായി കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് രാജ്യസഭയിൽ അറിയിച്ചു. 2014 വരെ 146 ദശലക്ഷം ടണ്ണായിരുന്നു രാജ്യത്തെ പാൽ ഉൽപ്പാദനം.

$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$

$$$$$$$$$$